**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4378** **18-03-2025 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സബ് സ്റ്റേഷൻ നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ മീതുരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന കെ.എസ്.ഇ.ബി.-യുടെ 33 കെ.വി സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (എ) | വാമനപുരം മണ്ഡലത്തിലെ കല്ലറ മീതുരിൽ ഒരു 33kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. കിളിമാനൂർ മുതൽ പ്രസ്തുത സബ്സ്റ്റേഷൻ വരെ 14 km ഭൂഗർഭ കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ഏകദേശം 13.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന് മീതുരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഓഫീസിൽ പുരോഗമിക്കുന്നതായും, സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പദ്ധതിക്കുള്ള ഭരണാനുമതി നേടി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സബ്സ്റ്റേഷൻ നിർമ്മാണം ആരംഭിക്കുന്നതാണെന്നും ആയത് 2027-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | വാമനപുരം മണ്ഡലത്തിലെ കല്ലറ മീതുരിൽ ഒരു 33kV സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കിയിട്ടുണ്ട്. കിളിമാനൂർ മുതൽ പ്രസ്തുത സബ്സ്റ്റേഷൻ വരെ 14 km ഭൂഗർഭ കേബിൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിയ്ക്ക് ഏകദേശം 13.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. കെ.എസ്.ഇ.ബി.എൽ.-ന് മീതുരിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടിയുള്ള സ്ഥലം കൈമാറുന്നതിനുള്ള നടപടികൾ തിരുവനന്തപുരം ജില്ലാ കളക്ടറുടെ ഓഫീസിൽ പുരോഗമിക്കുന്നതായും, സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് പദ്ധതിക്കുള്ള ഭരണാനുമതി നേടി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സബ്സ്റ്റേഷൻ നിർമ്മാണം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതാണെന്നും ആയത് 2027-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ